**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **15-03-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മാനവേദൻ സ്കൂളിൽ മിനി സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മാനവേദൻ സ്കൂളിൽ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായുള്ള പരിശീലന നീന്തൽക്കുളത്തിന്റെയും മൾട്ടി പർപ്പസ് ഇൻഡോർ കോർട്ടിന്റെയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കായിക വകുപ്പിന്റെ എസ്.പി.വി.യായ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള നീന്തൽ കുളത്തിന്റെയും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റേയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിപ്രദേശത്തുള്ള മരം മുറി, ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റുന്നത്, കെട്ടിടങ്ങൾ പൊളിക്കുന്ന പ്രവർത്തികൾ എന്നിവ സ്കൂൾ / മുനിസിപ്പാലിറ്റി നടത്തിതരാത്തിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രസ്തുത തടസ്സങ്ങൾ മാറ്റിയെങ്കിലും സാധനങ്ങളുടെ വില കൂടിയത് കാരണം കരാറുകാരൻ തുടർന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. ആയതിൻമേൽ തീരുമാനം ഉടൻ എടുക്കുവാൻ എസ്.പി.വി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. |
| (ബി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും നിർമ്മാണം പുരോഗമിക്കുന്നവ ഏതെല്ലാമാണെന്നും മേൽ പ്രവൃത്തികൾക്ക് ആകെ ചെലവഴിക്കേണ്ട തുക എത്രയെന്നും അറിയിക്കാമോ; പരിശീലന നീന്തൽക്കുളവും ഇൻഡോർ കോർട്ടും നിർമ്മിക്കുന്നതിന് എത്ര തുകയാണ് പദ്ധതിയിൽ നീക്കിയിരിപ്പുള്ളതെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ പുല്ല് വെച്ച ഫുട്ബോൾ കോർട്ട്, പവിലിയൻ കെട്ടിടം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ട്രാക്കിന്റെയും അനുബന്ധ പ്രവർത്തികളുടെയും പണി അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിക്കായി കിഫ്ബി അംഗീകരിച്ച തുക 18,30,00,000/- രൂപയും നീന്തൽ കുളത്തിന്റെ നിർമ്മാണത്തിനായി 98 ലക്ഷം രൂപയും, ഇൻഡോർ ട്രെയിനിങ് സെന്ററിന് 1.31 കോടി രൂപയുമാണ് അനുവദിച്ചത്. |
| (സി) | പരിശീലന നീന്തൽക്കുളവും ഇൻഡോർ കോർട്ടും നിർമ്മിക്കുന്നതിന് പുതിയ ടെൻഡർ വിളിക്കേണ്ടി വരുമോ; ഇതിനായി കായിക വകുപ്പോ കിഫ്ബിയോ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ എസ്.പി.വിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് | (ഡി) | കായിക വകുപ്പിന് കീഴിൽ ആരംഭിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതി പുരോഗതി സംബന്ധിച്ച് ഇടപെടാനും തടസ്സങ്ങൾ നീക്കാൻ |

| | | | |
|---|---|---|---|
| | സർക്കാർ അടിയന്തരമായി ഇടപെടുമോ; ഇതിനായുള്ള നിർദ്ദേശം നൽകാമോ? | | വേണ്ട നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ